**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 70** — **01/12/2014 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ, ചികിത്സാസഹായം നടപടിക്രമങ്ങൾ ലഘൂകരിക്കൽ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ദാസൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ദുരിതാശ്വാസത്തിന് സമർപ്പിക്കുന്ന അപേക്ഷയിൽ എന്തെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നത് വിശദമാക്കുമോ? | (എ) അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്. |
| (ബി) മതിയായ എല്ലാ രേഖകളും സഹിതം വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനായി എം.എൽ.എ.മാരുടെ കത്ത് സഹിതം അപേക്ഷ റവന്യൂ വകുപ്പ് ഓഫീസുകളിൽ സമർപ്പിച്ചാലും റിപ്പോർട്ട് നൽകാതിരിക്കുകയും മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് നേരിട്ട് റിപ്പോർട്ട് ആവശ്യപ്പെട്ടാൽ മാത്രമേ വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ദുരിതാശ്വാസത്തിനും ചികിത്സാ സഹായത്തിനും സമർപ്പിക്കുന്ന അപേക്ഷകൾക്ക് എം.എൽ.എ.മാരുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടാൽ വില്ലേജ്, താലൂക്ക്, കലക്ടറേറ്റ് മേധാവികൾ ആയത് നൽകുന്ന തലത്തിലേക്ക് നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ദുരിതാശ്വാസ സഹായം ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യം മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.